**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 163** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന്റെ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന് ആവശ്യത്തിന് വാഹനങ്ങളും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന് ആവശ്യത്തിന് വാഹനങ്ങളും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് അതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തേക്ക് "2070-00-108-94" എന്ന ശീർഷകത്തിൽ 45 കോടിയും "5475-00-800-78(01)" എന്ന ശീർഷകത്തിൽ 6 കോടി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ വിഭാഗം ജീവനക്കാർക്ക് തുടർ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വകുപ്പിലെ ജീവനക്കാർക്ക് തുടർ പരിശീലനം എന്ന രീതിയിൽ സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ(മെക്കാനിക്ക്) എലിജിബിലിറ്റി കോഴ്സ്, സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ(മെക്കാനിക്ക്) കോഴ്സ്, സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ കോഴ്സ്, റോപ്പ് റെസ്ക്യൂ ട്രെയിനിംഗ്, മൗണ്ടനീയറിംഗ് കോഴ്സ്, TOT കോഴ്സ് ഫോർ ബേസിക് ട്രെയിനിംഗ്, Training on the effective use of turn out gear with BA set & Introduction to Advanced Operational Strategies എന്നീ കോഴ്സുകൾ അക്കാഡമിയിൽ നടത്തി വരികയാണ്. |
| (സി) | നദികളിലും വെള്ളക്കെട്ടുകളിലും പാറമടകുളങ്ങളിലും ധാരാളം അപകടങ്ങൾ സംഭവിക്കുന്നതിനാൽ രക്ഷാ പ്രവർത്തനത്തിന് ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തിന് പരിശീലനവും ആവശ്യമായ ആധുനിക ഉപകരണങ്ങളും ലഭ്യമാക്കുമോ? | (സി) | വകുപ്പിലെ ജീവനക്കാർക്ക് ഫോർട്ട് കൊച്ചിയിലെ ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രത്തിൽ വച്ച് ബേസിക് ഓപ്പൺ വാട്ടർ ഡൈവിംഗ്, അഡ്വാൻസ്ഡ് ഓപ്പൺ വാട്ടർ ഡൈവിംഗ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി ഇത്തരത്തിലുള്ള രക്ഷാ പ്രവർത്തനങ്ങൾക്ക് സ്കൂബാ ഡൈവിംഗിന് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. കൂടാതെ ഇത്തരം അപകടങ്ങളിൽ രക്ഷാ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനായി 14 എണ്ണം Under Water Communication System, 44 എണ്ണം റബ്ബർ ഡിങ്കികൾ, 87 എണ്ണം Rubber Dinghy with Out Board Engine കൾ, 402 എണ്ണം സ്കൂബാ സെറ്റുകൾ, 14 എണ്ണം Fiber Boat with Out Board Engine കൾ എന്നിവ വകുപ്പിൽ നിലവിലുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | 20 എണ്ണം Scuba Set with Diving Suit & Communication Systemകൾ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. |

സെക്ഷൻ ഓഫീസർ